# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം പിൻ – 695035

Ph :0471 – 2302490 Fax: 0471 – 2303025/2303080

**ഇ–മെയിൽ** : dhskerala@gmail.com

**വെബ്സൈറ്റ്** :www.dhs.kerala.gov.in


---

എം.സി3–61447/2021/ആ.വ.ഡ തീയതി:16/08/2021

## <u>വിജ്ഞാപനം</u>

ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സ്കൂളുകളിൽ ആരംഭിക്കുന്ന ഓക്സിലിയറി നേഴ്സിംഗ് ആന്റ് മിഡ് വൈഫ്സ് കോഴ്സിന്റെ പരിശീലനത്തിന് +2 അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായ പെൺകുട്ടികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

1. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സെന്റർ, തൈക്കാട്, തിരുവനന്തപുരം
2. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സെന്റർ, തലയോലപ്പറമ്പ്, കോട്ടയം
3. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സെന്റർ, പെരിങ്ങോട്ടുകുറിശ്ശി, പാലക്കാട്
4. ജെ.പി.എച്ച്.എൻ ട്രയിനിംഗ് സെന്റർ, കാസർഗോഡ്

ആകെ സീറ്റുകളുടെ എണ്ണം 130, ഇതിൽ 65% മെറിറ്റടിസ്ഥാനത്തിലും 35% സംവരണാടിസ്ഥാനത്തിലും പ്രവേശനം അനുവദിക്കുന്നതാണ്. അപേക്ഷകർക്ക് 2021 ഡിസംബർ 31 –ാം തീയതി 17 തികഞ്ഞിരിക്കേണ്ടതും, 30 വയസ്സ് കവിയാൻ പാടില്ലാത്തതുമാകുന്നു. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വയസ്സും പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് 5 വയസ്സും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കാവുന്നതാണ്. അപേക്ഷകർ മലയാളം എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കണം.

ആശാവർക്കേഴ്സിന് 2 സീറ്റുകളും പാരാമിലിറ്ററി/എക്സ്പാരാമിലിറ്ററി സർവ്വീസുകാരുടെ ആശ്രിതർക്ക് ഒരു സീറ്റും സംവരണം ചെയ്തിട്ടുണ്ട്.

അപേക്ഷാഫോമും, പ്രോസ്പെക്ടസും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ (www.dhskerala.gov.in) ലഭ്യമാണ്. അപേക്ഷാഫീസ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 75/- രൂപയും ജനറൽ വിഭാഗത്തിന് 200/- രൂപയുമാണ്. പൂരിപ്പിച്ച അപേക്ഷകൾ, നിശ്ചിത അപേക്ഷാഫീസ് 0210-80-800-88 എന്ന ശീർഷകത്തിൽ ട്രഷറിയിലടച്ച രസീത് സഹിതം 14.09.2021 വൈകുന്നേരം വൈകുന്നേരം 5 മണിക്കകം ബന്ധപ്പെട്ട ട്രയിനിംഗ് സെന്റർ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

വിശദവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, ജില്ലാമെഡിക്കൽ ആഫീസ്, മേൽസൂചിപ്പിച്ച പരിശീലനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭിക്കുന്നതാണ്.

വിശ്വസ്തതയോടെ

16/8/2021

**ആരോഗ്യവകുപ്പ് ഡയറക്ടർ**